## നമുക്കു ചുറ്റും - 10

**വി.സി. ബാലകൃഷ്ണൻ**

# വിലാസിനി

പൈറിഡേ ശലഭകുടുംബത്തിലെ സുന്ദരിയെന്നു വിശേഷിപ്പിക്കാവുന്ന ചിത്രശലഭമാണ് വിലാസിനി. ചുവന്ന വലിയ പൊട്ടുകളുള്ള ബോർഡറോടുകൂടിയ സ്വർണവർണമാർന്ന സാരിയുമണിഞ്ഞ് വിലസിനടക്കുന്നവളായാണ് ഈ ശലഭത്തെ സങ്കൽപ്പിച്ചിരിക്കുന്നത്. എന്നാൽ ചിറക് ഉറന്നാൽ നാം കാണുന്നത്

പൊതുവെ വെളുപ്പോ നീലകലർന്ന വെളുപ്പോ ആണ്. ഇളം പിങ്ക് നിറത്തിലുള്ള പൊട്ടുകൾ ചിറകിന്റെ മേൽഭാഗത്ത് കാണാം. തന്റെ സ്വർണ്ണം എല്ലാവരും കൺകളിർക്കെ കണ്ടോളൂ എന്ന ഭാഗത്തിൽ വളരെ സാവധാനത്തിലാണ് വിലാസിനി പറക്കുന്നത്. നമ്മുടെ നാട്ടിൽ എല്ലാകാലത്തും ഇവയെ കാണാം. ഇരപിടിയൻമാരുടെ സാന്നിദ്ധ്യത്തിൽ ചത്തതുപോലെ അനങ്ങാതെ കിടന്ന് ഇവ രക്ഷപ്പെടാറുണ്ട്. ചുട്ടുപൊള്ളുന്ന വേനൽക്കാലത്ത് ഈർപ്പമുള്ള നിലങ്ങളിൽ പറ്റിനിന്ന് വെള്ളം വലിച്ചുകുടിക്കുന്നത് വിലാസിനിയുടെ ഒരു പ്രത്യേകതയാണ്.

പരാദസസ്യമായ ഇത്തിക്കണ്ണിയിലാണ് വിലാസിനി മുട്ടയിടുന്നത്. മഞ്ഞകലർന്ന പച്ചനിറമോ ഇരുണ്ട തവിട്ടുനിറമോ ഉള്ള ലാർവകൾക്ക് വെളുത്ത പൊട്ടുകളുള്ള കറുത്ത തലയുമുണ്ട്. ഇലകൾക്കിടയിൽ കൂട്ടത്തോടെ കാണപ്പെടുന്ന ലാർവയുടെ ശരീരത്തിൽ മൃദുലമായ വെളുത്ത രോമങ്ങളുണ്ടായിരിക്കും. ഭക്ഷണ സസ്യത്തിൽ നിന്ന് ആർജിക്കുന്ന വിഷാംശം ശരീരത്തിലുള്ളതിനാൽ ഇരപിടിയൻമാർ ഇവയെ ഭക്ഷിക്കാറില്ല.

പൂച്ചെടി (അരിപ്പൂ) , മാവ്, നാരകമ്പ ഇടങ്ങിയ സസ്യങ്ങളിൽ തേൻ നുകരാനെത്തുന്ന ഈ ശലഭം തോട്ടങ്ങളിലും നിത്യ സന്ദർശകരാണ്.



ഫോട്ടോ: ബാബു കാമ്പ്രത്ത്

### സാഹിത്യരചനകൾ സമാഹരിക്കുന്നു

സാഹിത്യപ്രതിഭകളെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടി 'ഉൺമ' നടപ്പിലാക്കിവരുന്ന പദ്ധതി പ്രകാരം നോവലെറ്റുകൾ, ചെറുകഥകൾ, മിനിക്കഥകൾ, കവിതകൾ എന്നിവയുടെ അഞ്ചു സമാഹാരങ്ങൾ പ്രസിദ്ധീകരിക്കുന്നു. ഇത്തരത്തിൽ 335 എഴുത്തുകാരുടെ കഥകളും കവിതകളും ഉൾപ്പെടുത്തിയ അഞ്ചു സമാഹാരങ്ങൾ ഉൺമ ഇതിനകം പ്രസിദ്ധീകരിച്ചുകഴിഞ്ഞു. പുതിയ സമാഹാരങ്ങളിലേക്ക് സാഹിത്യരചനകളയക്കുന്ന എഴുത്തുകാർക്ക് പ്രായപരിധി നിശ്ചയിച്ചിട്ടില്ല. 30 ഫുൾസ്കാപ്പ് പേജിലൊതുങ്ങുന്ന ഒരു നോവലെറ്റ്, പത്തുപേജിലൊതുങ്ങുന്ന രണ്ടു ചെറുകഥകൾ, ഒരു ഫുൾസ്കാപ്പ് പേജിലൊതുങ്ങുന്ന രണ്ടു മിനിക്കഥകൾ, രണ്ടു കവിതാസമാഹാരങ്ങളിലേക്കായി മുപ്പത് വരികളുള്ള അഞ്ചു കവിതകൾ എന്നിവ മറുപടിക്കവർ സഹിതം അയയ്ക്കുക. മെയ് 30 ന് മുമ്പായി നൂറനാട് മോഹൻ, 'ഉൺമ' നൂറനാട് പി.ഒ, ആലപ്പുഴ - 690 504 എന്ന വിലാസത്തിലാണ് അയക്കേണ്ടത്.